ഈ വർഷം നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

74 [537] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലാ ഡിപ്പോകളിൽ ഈ വർഷം എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ നിർത്തലാക്കിയെന്ന് ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) കണ്ണൂർ ജില്ലയിലെ കണ്ണൂർ-തലശ്ശേരി-പടന്നക്കര റൂട്ടിലോടുന്ന കെ.എസ്.ആർ.ടി.സി. ബസ് വരുമാനമുണ്ടായിട്ടും ഇടയ്ക്കിടയ്ക്ക് നിർത്തലാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ബസ് കൃത്യമായി ഓടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു സർവ്വീസും നിർത്തലാക്കിയിട്ടില്ല.

(ബി) ഉണ്ട്. ബസ്സിന്റെ കുറവുമൂലം ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓടിക്കാൻ കഴിയാതെവന്നിട്ടുണ്ട്. അതിൽ ടി സർവ്വീസും ഉൾപ്പെടും.

(സി) ബസ്സിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

തിരുവനന്തപുരം നഗരത്തിലെ യാത്രാ സൗകര്യം

75 [538] *ശ്രീ. ബി. രാജേഷ്കുമാർ:*

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. പി. ടി. തോമസ്:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പർക്കക്രാന്തി എക്സ്പ്രസ്സിലെ യാത്രക്കാരുടെ സൗകര്യാർത്ഥം തിരുവനന്തപുരം നഗരത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽനിന്ന് കൊച്ചുവേളിയിലേക്ക് ബസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഈ സർവ്വീസ് എത്ര ട്രിപ്പുവീതം ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) തിരുവനന്തപുരം സെൻട്രലിൽനിന്ന് വെളുപ്പിന് 4.30 മണിക്ക് പുറപ്പെടുന്ന ട്രെയിനുകളിൽ യാത്ര ചെയ്യുന്നവരുടെ സൗകര്യത്തിനായി നഗരത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽനിന്ന് ബസ് ഏർപ്പെടുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേശവദാസപുരം–പട്ടം വഴിയും, മെഡിക്കൽകോളേജ്–മുറിഞ്ഞപാലം–പട്ടം വഴിയും പേരൂർക്കട–പാളയം വഴിയും പാപ്പനംകോട്–കിള്ളിപ്പാലം വഴിയും വെളുപ്പിന് 4 മണിക്ക് തമ്പാനൂരിലേക്ക് ബസ് സർവ്വീസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കൊച്ചുവേളിയിൽനിന്ന് നിലവിൽ ആഴ്ചയിൽ ഒരിക്കൽ മാത്രം വന്നു പോകുന്ന ഒരു തീവണ്ടിയാണ് സമ്പർക്കക്രാന്തി. പ്രസ്തുത എക്സ്പ്രസ്സിലെ യാത്രക്കാരുടെ സൗകര്യാർത്ഥം കെ.എസ്.ആർ.ടി.സി. തുടക്കത്തിൽ പരീക്ഷണാർത്ഥം സർവ്വീസുകൾ ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഈ തീവണ്ടി സമയക്ലിപ്തത പാലിക്കാത്തതിനാൽ യാത്രക്കാർക്ക് മറ്റു വാഹനങ്ങളെ ആശ്രയിക്കേണ്ടിവരികയും കെ.എസ്.ആർ.ടി.സി.യുടെ ടി സർവ്വീസുകൾ നഷ്ടത്തിലാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ഇപ്പോൾ കൊച്ചുവേളി റെയിൽവേ സ്റ്റേഷനിലേക്ക് മാത്രമായി സർവ്വീസ് നടത്തുന്നില്ല. ഇതിനു പുറമേ കൊച്ചുവേളിയിൽ നിന്നും യാത്ര ചെയ്യുന്നതിന് ആവശ്യത്തിന് ബസ്സുകൾ ഉണ്ട്. ഈ സ്റ്റേഷനിൽ നിന്നും കൂടുതൽ തീവണ്ടികൾ ഓടിത്തുടങ്ങുന്ന അവസരത്തിൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വെളുപ്പിന് 4.30 മണിക്ക് പുറപ്പെടുന്ന ട്രെയിനുകളിൽ യാത്രചെയ്യുന്ന യാത്രക്കാരുടെ സൗകര്യത്തിനായി കെ.എസ്.ആർ.ടി.സി. പ്രത്യേക സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ വെളുപ്പിന് 5.00 മണിക്ക് പുറപ്പെടുന്ന രണ്ടാട് എക്സ്പ്രസ്സിൽ യാത്രചെയ്യുന്നവരുടെ സൗകര്യത്തിനായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കെ.എസ്.ആർ.ടി.സി. പ്രത്യേക സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി. ഉപയോഗിക്കുന്ന ശ്രീപത്മനാഭസ്വാമിക്ഷേത്രംവക കെട്ടിടങ്ങൾ

76 [539] *ശ്രീ. ജോർജ് ജെ. മാത്യു:*

,, *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമിക്ഷേത്രംവക എത്ര കെട്ടിടങ്ങൾ കെ.എസ്.ആർ.ടി.സി. ഉപയോഗിക്കുന്നു; എന്നുമുതലാണ് ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങിയത്;

(ബി) അവയ്ക്ക് എന്തു തുക വാടകയിനത്തിൽ നൽകുന്നു;

(സി) ഈ കെട്ടിടങ്ങൾ വിട്ടുകൊടുക്കണമെന്ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്ന്;

GPM. 2/573/2012—17

LIBRARY ARCHIVES Kerala Legislative Assembly